**ജില്ലാദുരന്തനിവാരണഅതോറിറ്റി ചെയർമാൻ & കോഴിക്കോട് ജില്ലാകളക്ടറുടെ നടപടിക്രമം.**

*(ഹാജർ : എ ഗീത ഐ എ എസ്)*

***

വിഷയം : നിപ വൈറസ് രോഗം- കണ്ടൈൻമെൻറ് സോണുകളിലെ നിയന്ത്രണ ങ്ങളിൽ- ഇളവുകൾ വരുത്തി -ഉത്തരവ്

സൂചന : 1) ബഹു ആരോഗ്യവകുപ്പ് മന്ത്രിയുടെ 18-09-2023 ലെ യോഗ തീരുമാനം.

2) 13-09--2023 ലെ **DCKKD/9827/2023/F4** നമ്പർ ഉത്തരവ്

******************************************************************************

**ഉത്തരവ് നമ്പർ : DCKKD/9827/2023/F4 തിയ്യതി : 18-09-2023**

******************************************************************************

കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിൽപ്പെട്ട സ്ഥലങ്ങളിൽ നിപ വൈറസ് ബാധ സ്ഥിരീകരിക്കുകയും രണ്ട് പേർ മരണപ്പെടുകയും ചെയ്ത സാഹചര്യത്തിൽ രോഗം കൂടുതൽ പേരിലേക്ക് പകരാതിരിക്കാൻ സൂചന 2 പ്രകാരം കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലെ താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകളിലെ വാർഡുകളെ കണ്ടൈൻമെൻറ് സോണുകളാക്കി പ്രഖ്യാപിച്ച നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു.

| | |
|---|---|
| ആയഞ്ചേരി ഗ്രാമപഞ്ചായത്ത് | 1,2,3,4,5,12,13,14,15 വാർഡ് മുഴുവൻ |
| മരുതോങ്കര ഗ്രാമപഞ്ചായത്ത് | 1,2,3,4,5,12,13,14 വാർഡ് മുഴുവൻ |
| തിരുവള്ളൂർഗ്രാമപഞ്ചായത്ത് | 1,2,20,7,8,9 വാർഡ് മുഴുവൻ |
| കുറ്റ്യാടി ഗ്രാമപഞ്ചായത്ത് | 3,4,5,6,7,8,9,10 വാർഡ് മുഴുവൻ |
| കായക്കൊടി ഗ്രാമപഞ്ചായത്ത് | 5,6,7,8,9,10,11,12,13 വാർഡ് മുഴുവൻ |
| വില്യപ്പള്ളി ഗ്രാമപഞ്ചായത്ത് | 3,4,5,6,7 വാർഡ് മുഴുവൻ |
| കാവിലുംപാറ ഗ്രാമപഞ്ചായത്ത് | 2,10,11,12,13,14,15,16 വാർഡ് മുഴുവൻ |

| | |
|---|---|
| | |
| പുറമേരി<br><br>ഗ്രാമപഞ്ചായത്ത് | 13 വാർഡ്<br><br>വാർഡ് 4 ലെ തണ്ണീർപ്പന്തൽ ടൗൺ ഉൾപ്പെട്ട പ്രദേശം |
| ചങ്ങരോത്ത്<br><br>ഗ്രാമപഞ്ചായത്ത് | 1,2,19 വാർഡ് മുഴുവൻ |

എന്നാൽ മരണപ്പെട്ടവരുടെയും രോഗം പോസിറ്റീവ് ആയവരുടെയും സമ്പർക്ക പട്ടികയിൽ പെട്ട എല്ലാവരെയും കണ്ടെത്തുകയും അവരുടെയെല്ലാം പരിശോധനകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇതുവരെ പരിശോധിച്ച സാമ്പിളുകളിൽ പോസിറ്റീവ് കേസുകൾ ഒന്നും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല.

ഈ സാഹചര്യത്തിൽ കണ്ടൈൻമെൻറ് സോണുകളിലെ കർശന നിയന്ത്രണങ്ങൾക്ക് കൂടുതൽ ഇളവുകൾ വരുത്താമെന്ന് ആരോഗ്യ വിദഗ്ധ സമിതി നിർദേശം നൽകിയിട്ടുണ്ട് .

ഇതനുസരിച്ച് കണ്ടൈൻമെന്റ് സോണിൽ ഏർപ്പെടുത്തിയിരുന്ന കർശന നിയന്ത്രണങ്ങൾക്ക് ഇളവ് വരുത്തി ഉത്തരവാകുന്നു

കണ്ടൈൻമെന്റ് സോണിലെ എല്ലാ കടകമ്പോളങ്ങളും രാത്രി 8 മണി വരെ നിപാ പ്രോട്ടോക്കോൾ അനുസരിച്ച്,പ്രവർത്തിപ്പിക്കാവുന്നതാണ്. കണ്ടൈൻമെന്റ് സോണിലെ എല്ലാ ബാങ്കുകളും ഉച്ചയ്ക്ക് 2 മണി വരെ നിപാ പ്രോട്ടോക്കോൾ അനുസരിച്ച് പ്രവർത്തിക്കാവുന്നതാണ്. മാസ്ക്,സാനിറ്റൈസർ എന്നിവ നിർബന്ധമായും ഉപയോഗിക്കേണ്ടതും സാമൂഹിക അകലം പാലിക്കേണ്ടതും ആളുകൾ കൂട്ടം കൂടുന്നത് കർശനമായി നിയന്ത്രിക്കേണ്ടതുമാണ്.

മറ്റ് നിയന്ത്രണങ്ങൾ ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നത് വരെ തുടരും . അതേസമയം സമ്പർക്ക പട്ടികയിൽ പെട്ടിരിക്കുന്ന ആളുകളും നിരീക്ഷണത്തിലുള്ള ആളുകളും കർശനമായ നിയന്ത്രണങ്ങൾ പാലിക്കേണ്ടതും ആരോഗ്യവകുപ്പ് നിർദ്ദേശിക്കുന്ന കാലയളവ് വരെ ക്വാറന്റൈനിൽ കഴിയേണ്ടതുമാണ്.

ചെയർമാൻ

ദുരന്ത നിവാരണ അതോറിറ്റി & ജില്ലാ കലക്ടർ